## ലൈക് പേജ്

സുഹൈറലി തിരുവിഴാംകുന്ന്

zuhairalik@gmail.com

എത്ര ഡയറിയിലെഴുതി വെക്കണമെന്ന് തീരുമാനിച്ചാലും മറന്നു പോവുന്നതാണ് നമ്മുടെ ദൈനം ദിന വരവു ചെലവുകൾ. ഇത് കൃത്യമായി രേഖപ്പെടുത്താൻ സഹായിക്കുന്ന ഒരു ആൻഡ്രോയിഡ് മൊബൈൽ ആപ്പാണ് Daily Expence Manager

# ഇടപാടുകളുടെ ഇ- ലോകം

ഒരിക്കൽ സഹപ്രവർത്തകനോട് ആയിരം രൂപ കടം ചോദിച്ചു. പണം തരികയും പണം സ്വീകരിച്ചതായി ഒരു എസ്.എം.എസ് അയക്കാൻ പറയുകയും ചെയ്തു. മെസേജ് അയച്ച ഉടനെ കൂട്ടുകാരൻ നന്ദിയറിയിക്കുകയും ചെയ്തു. രണ്ടു പേരുടെയും പരസ്പര ധാരണയോടെയുള്ള വാങ്ങിയ സമയമടക്കമുള്ള രേഖയായി അത് മാറി. തിരിച്ചുതരുന്ന തീയതിയുമെഴുതുന്നതിലൂടെ കാലാവധിയും അതോടെ സ്ഥിരപ്പെട്ടു. ദിവസം അനവധി തവണ മൊബൈലിൽ കളിക്കുന്ന നമുക്ക് മെസേജ് ഹിസ്റ്ററിയിൽ ഇത് കാണുമ്പോൾ സദാ ഓർമപ്പെടുത്തലാവുകയും ചെയ്യുന്നു. ജീവിതത്തിന്റെ വിവിധ മേഖലകളെ സ്പർശിച്ചു കൊണ്ടുള്ള നിർദേശം സമർപ്പിക്കുന്ന കൂട്ടത്തിൽ സാമ്പത്തിക ക്രയവിക്രയങ്ങളും വളരെ ഗൗരവത്തോടെ ഊന്നിപ്പറഞ്ഞിട്ടുള്ള വിഷയമാണ്.




പണം ആരെങ്കിലും മുഖേന കൈമാറുകയാണെങ്കിലും വാങ്ങുന്നവനയക്കുന്ന ഒരു എസ്.എം.എസിലൂടെ ഒട്ടേറെ ആശങ്കകളും സംശയങ്ങളും ഒഴിവാക്കാനാകുന്നു.

പലരും ഡയറിയിൽ എഴുതിവെക്കുന്ന ശീലമുണ്ടെങ്കിലും തുല്യധാരണയോടെ അത് നിർവഹിക്കാറില്ല. രേഖാമൂലമാക്കുന്നത് എന്തോ ഒരു പരസ്പരവിശ്വാസമില്ലായ്മയുടെ പ്രശ്നമായി കാണുമോ എന്ന ആശങ്ക കൊണ്ട് അതിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുന്നു. ഒരാൾ കടം വാങ്ങി അത് സ്വയം മറന്നുപോവുകയും നൽകിയയാൾ നേരിട്ട് ചോദിക്കാനുള്ള പ്രയാസത്താൽ തെറ്റിദ്ധാരണ പുലർത്തി കഴിഞ്ഞുകൂടുകയും ചെയ്യുന്നു. ഇനി പറഞ്ഞാലും ചിലപ്പോൾ ഓർമിച്ചെടുക്കാനും ബുദ്ധിമുട്ടാറുണ്ട്. ഇതെല്ലാം ഇക്കാലത്ത് ചുരുങ്ങിയത് ഒരു എസ്.എം.എസിലൂടെയോ മെയിലിലൂടെയോ പരിഹരിക്കാം.

ഡയറിയിലെഴുതി വെക്കണമെന്ന് എത്ര തന്നെ തീരുമാനിച്ചാലും മറന്നു പോവുന്നതാണ് നമ്മുടെ ദൈനം ദിന വരവു ചെലവുകൾ. എന്നാൽ ഇത് കൃത്യമായി രേഖപ്പെടുത്താൻ സഹായിക്കുന്ന ഒരു ആൻഡ്രോയിഡ് മൊബൈൽ ആപ്പാണ് Daily Expense Manager (DEM PRO).

ഉപയോഗിച്ചു തുടങ്ങിയാൽ താനെ എല്ലാ വരവുകളും ചെലവുകളും അതിൽ ചേർത്തിപ്പോവും. അത്രക്കും ലളിതമാണ് ഇതിന്റെ സംവിധാനം. സെറ്റിംഗ്സിൽ നിന്ന് ഇന്ത്യൻ രൂപ തെരഞ്ഞെടുക്കുക. ആദ്യം പ്ലസ് ബട്ടൺ അടിച്ച് ട്രാൻസാക്ഷൻ രേഖപ്പെടുത്തി തുടങ്ങാം. ഇതിൽ ചെലവിന്റെ വിശദാംശങ്ങൾ ചേർക്കാം. ആദ്യം സംഖ്യ ടൈപ്പ് ചെയ്യുക. വരവാണ് ചേർക്കേണ്ടതെങ്കിൽ അത് ആദ്യം സെലക്ട് ചെയ്യുക. തുടർന്ന് വിനോദം, മെഡിക്കൽ, ഭക്ഷണം, ട്രാവൽ, ബുക്സ്, വസ്ത്രം, ബിൽ, ഗിഫ്റ്റ് എന്നിങ്ങനെ വ്യത്യസ്ത കാറ്റഗറിയിൽ നിന്ന് ഒന്ന് തെരഞ്ഞെടുക്കാം. സെറ്റിംഗ്സിൽ പോയി നമുക്ക് ആവശ്യമുള്ള ഏത് കാറ്റഗറിയും ഇതിൽ ചേർക്കാനാവും. തുടർന്ന് തീയതിയും പേയ്മെന്റ് മോഡും തെരഞ്ഞെടുക്കാം. പേമന്റ് മോഡിൽ കാഷ്, ചെക്ക്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് എന്നിവയും ആവശ്യാനുസരണം തെരഞ്ഞെടുക്കാം. ഇതിൽ തന്നെ ബില്ലോ ഡോക്യുമെന്റോ ഫോട്ടോ എടുത്ത് വെക്കാനും സൗകര്യമുണ്ട്.  ദിവസം/മാസം/കാറ്റഗറി രീതിയിൽ സെർച്ച് ചെയ്യാനും ആവശ്യമായ ഫയൽ എക്സൽ ഷീറ്റിലേക്ക് എക്സ്പോർട്ട് ചെയ്യാനും ബാക്കപ്പിനും സഹായമൊരുക്കുന്നുണ്ട്. ■